# ഭൂസുരഗോഗ്രഹണം

## ആട്ടക്കഥ

Digitized By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

# അവതാരിക

ഈ ആട്ടക്കഥ ഞാനുണ്ടാക്കീട്ടുള്ളതു കൊച്ചി നാ ലാംകൂറായിരുന്ന 1088 മേടത്തിൽ തീപ്പെട്ടുപോയ കുഞ്ഞിക്കിടാവു (കേരളവർമ്മ) തമ്പുരാൻ തിരുമനസ്സി ലെ കല്പനപ്രകാരമാണെന്നുള്ളതു പുസ്തകാരംഭ ത്തിൽ മൂന്നാമതായി ചേർത്തിട്ടുള്ള ശ്ലോകംകൊണ്ടു വായനക്കാൎക്ക് ഊഹിക്കാവുന്നതാണ്. ഞാൻ 1084-ാമാണ്ട് അത്തച്ചമയാഘോഷം കാണുന്നതിനും മററുമായി തൃപ്പൂണിത്തുറെ ചെന്നിരുന്ന സമയം ആ തിരുമനസ്സിലെ തിരുമുമ്പാകെപ്പോവുകയും അ പ്പോൾ എന്റെ കൃതികളായ 'ശ്രീരാമാവതാരം,' 'സീതാവിവാഹം,' ശ്രീരാമപട്ടാഭിഷേകം' എന്നീ ആട്ടക്കഥകളെപ്പററി അവിടുന്നു സസന്തോഷം ഓ രോന്നരുളിച്ചെയ്യുകൂട്ടത്തിൽ—ഇപ്പോൾ രാമായണ ത്തിൽനിന്നു മൂന്നു കഥകളായല്ലൊ; ഇനി ഭാരത ത്തിൽനിന്നുകൂടി ഒരു ഭാഗമെടുത്തു ശങ്കുണ്ണി ഒരാട്ടക്ക ഥയുണ്ടാക്കണം. അതിനു സുഭദ്രാഹരണത്തിനു മുമ്പായി ഒരു 'ഭൂസുരഗോഗ്രഹണ'മുണ്ടല്ലൊ. അതാ യാൽക്കൊള്ളാം— എന്നു കല്പിക്കുകയും ചെയ്തു. ആ കല്പനപ്രകാരം ആ ആണ്ടിൽ കന്നിമാസത്തിൽത്ത ന്നെ ഞാൻ ഈ കഥ ഉണ്ടാക്കിത്തീൎക്കുകയും ഒരു പ്ര തി എഴുതിത്തീൎത്ത് ആ തിരുമനസ്സിലെ സന്നിധി യിൽ അയച്ചുകൊടുക്കുകയും ചെയ്തു. ആ പുസ്തകം അവിടുന്നു വായിച്ചു നോക്കിയതിന്റെ ശേഷം—

Digitised By Kerala Sahitya Akademi

'ഗ്രസ്വരഗോഗ്രഹണം' ആട്ടക്കഥ കയ്യെഴുത്തു പുസ്ത കം കിട്ടി സന്തോഷമായി. കഥാഗുംഫനം ഞാൻ വിചാരിച്ചിരുന്നതുപോലെതന്നെ ആയിട്ടുണ്ട്. കഥ തോന്നിക്കാൻ ശേഖരനെ (അവിടുത്തെ കഥകളി യോഗത്തിൽ പാട്ടുകാരനായ ശേഖരവാര്യരെ) ഏ ല്പിച്ചിട്ടുണ്ട്. ഉടനെ തോന്നിക്കും. അരങ്ങേററത്തിനു ദിവസം നിശ്ചയിച്ചാൽ എഴുതിയയയ്ക്കാം. ശങ്കുണ്ണി കൂടി വരണം. പുസ്തകം അച്ചടിപ്പിക്കാൻ ഒരരങ്ങ് ആടിക്കണ്ടിട്ടാവാമെന്നു വിചാരിക്കുന്നു—എന്നും മ ററും എൻെറ പേർക്ക് ഒരു തിരുവെഴുത്തയച്ചതരിക യും ചെയ്തു. ആ ആണ്ടിൽ വൃശ്ചികമാസത്തിൽ തൃ പ്പൂണിത്തുറെ ഉത്സവത്തിനു മുൻപായി ഈ കഥ അ രങ്ങേററം കഴിപ്പിക്കണമെന്നാണ് കല്പിച്ചു നിശ്ചയി ച്ചിരുന്നത്. അതിനുതക്കവണ്ണം പാട്ടുകാരൻ കഥ തോന്നിക്കുകയും ചെയ്തു. എങ്കിലും ആകസ്മികമായി സംഭവിച്ച ചില പ്രതിബന്ധങ്ങൾ നിമിത്തം അവി ടെയ്ക്ക് ഈ കഥ അരങ്ങേറിക്കുന്നതിനോ അച്ചടിപ്പി ക്കുന്നതിനോ സംഗതിയായില്ല. ആ തിരുമനസ്സുകൊ ണ്ടു തീപ്പെട്ടുപോയതിൻെറ ശേഷം തന്നിമിത്തമുണ്ടാ യ ദുസ്സഹദുഃഖത്തിൽ നിമഗ്നമായിപ്പോയ എൻെറ മനസ്സിൽ ഈ കഥയെപ്പററി ഇതുവരെ ഓർമ്മയുമു ണ്ടായില്ല. ഇയ്യിട എൻെറ വക അച്ചടിക്കാതെ കി ടക്കുന്ന പഴയ കൃതികൾ ഒരു കാരണവശാൽ പരി ശോധിച്ചപ്പോൾ ആ കൂട്ടത്തിൽ ഈ ആട്ടക്കഥയുടെ ഒരു പകപ്പ് കൂടിക്കണ്ടെത്താനിടവരികയും ഇതച്ചടി പ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതായാൽ ഇതുണ്ടാക്കാൻ

Digitised By Kerala Sahitya Akademi

കാരണഭൂതനായ ആ തിരുമനസ്സിലെ ഒരു സ്മാരകമായിക്കൂടിയിരിക്കുമല്ലൊ എന്നുള്ള വിചാരം എന്റെ മനസ്സിൽ ജനിക്കുകയും ചെയ്തു. പിന്നെ അതിനെപ്പററി എന്റെ പ്രിയമിത്രവും 'ലക്ഷ്മീഭായി' മാസികയുടെ ഉടമസ്ഥനും മാനേജരുമായ വെള്ളാട്ടുൽ നാരായണമേനോൻ അവർകളുമായി കത്തുമൂലം ആലോചിച്ചപ്പോൾ ഇത് അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സകല ഭാരവും അദ്ദേഹം ചുമതലപ്പെട്ടു വഹിച്ചുകൊള്ളാമെന്നു സസന്തോഷം സമ്മതിക്കുകയാലാണ് ഈ കഥയെ ഇപ്പോഴെങ്കിലും പ്രസിദ്ധപ്പെടുത്താനിടയായിട്ടുള്ളത്. എന്റെ ഇപ്പോഴത്തെ സ്ഥിതിക്ക് അദ്ദേഹം ഈ ഭാരം കയ്യേററത് ഒരു വലിയ ഉപകാരമായിട്ടുണ്ട്. എങ്കിലും ഇതിനെപ്പററി ഞാൻ അദ്ദേഹത്തോടു നന്ദിപറയുകയോ മററൊ ചെയ്യാൽ ഞങ്ങൾ തമ്മിലിരിക്കുന്ന സ്ഥിതിക്ക് അതൊരു വക ആത്മാരാധനയോ അനാവശ്യകമോ അദ്ദേഹത്തിന് അസന്തോഷത്തിനു കാരണമോ ആയിത്തീൎന്നേക്കാനിടയുള്ളതിനാൽ അദ്ദേഹത്തിന്റെ സകലവിധ ശ്രേയസ്സുകൾക്കുമായി ഈശ്വരനെ പ്രാൎത്ഥിക്കുക മാത്രം ചെയ്തുകൊണ്ട് ഈ അവതാരികയെ സമാപിപ്പിച്ചുകൊള്ളുന്നു.

കോട്ടയം }
25—3—90 }

പുസ്തകകൎത്താ.

Digitised By Kerala Sahitya Akademi

# ഭൂസുരഗോഗ്രഹണം

## ആട്ടക്കഥ.

---

### വന്ദനശ്ലോകങ്ങൾ.

ശംഭോരാദ്യം തനൂജം ഗജവരവദനം
പത്മജാതാത്മജായാ-
മംഭോജാക്ഷഞ്ച ഭദ്രാം ഭവനയനഭവാം
മൽഗുരൂൻ സൽഗുണാഢ്യാൻ
ധാമോപേതാൻ ബുധേന്ദ്രാനഖിലമുനിവരാൻ
ഭൂസുരേന്ദ്രാൻ സുരേന്ദ്രാൻ
രാമാകാന്താരസംസ്ഥാ കപികുലവൃഷഭം
മാരുതിം ധീരമീഡേ. 1

ശ്രീകാന്തം ശ്രിതലോകകല്പകതരും
ലോലംബനീലാംബുദ-
ശ്രീകാന്തം ദരചക്രപങ്കജഗദാ-
ഭാസ്വൽകരാംഭോരുഹം
ശ്രീമാടക്ഷിതിപാവനൈകനിരതം
ഭോഗീന്ദ്രഭോഗസ്ഥിതം
ശ്രീമൽപങ്കജമാലികാഞ്ചിതതനും
പൂർണ്ണത്രയീശം ഭജേ. 2

ശ്രീമാടഭൂപവരവംശമണിസ്തുരീയോ
ലോകോത്തരോ ജയതി കേരളവർമ്മനാമാ
തസ്യാജ്ഞയാ വിരചിതന്തു പുനന്തു കാവ്യം
കേനാപി ഗോഗ്രഹണസംജ്ഞമിദം ബുധേന്ദ്രാഃ. 3

Digitised By Kerala Sahitya Akademi

പുറപ്പാട്.

ഭൈരവി—ചെമ്പട.

ശ്രീമാൻ സുഖേന നിജപൈതൃകമദ്ധ്യരാജ്യം
ധീമാനവൻ ദയിതയാ സഹ ധമ്മസൂനുഃ
ശ്രീ നാരദോക്തനിയമൈസ്സഹജൈശ്ച ശക്ര-
പ്രസ്ഥാഭിധേ നിജപുരേ നൃപതിന്ന്യവാത്സീൽ. 4

ചരണങ്ങൾ.

1. ധമ്മസൂനു മഹാധീരൻ ധമ്മഗുണാകരൻ
കല്മഷവിഹീനൻ വീരൻ നിമ്മലശരീരൻ.
2. അംബുജാക്ഷകൃപാസാരൻ അംബുധിഗംഭീരൻ
അംബുജാരികുലഹീരൻ അംബുജാസ്ത്രാകാരൻ.
3. അമ്മയാകും കുന്തിയോടും ധമ്മദാരാന്വിതൻ
ചെമ്മേ തൻസോദരരോടും ചിന്മയാംഘ്രിഭക്തൻ,
4. ഹമ്മ്യനമ്മാലയാദിയാൽ ശമ്മദമായേററം
രമ്യമാമിന്ദ്രപ്രസ്ഥത്തിൽ സമ്മോദേന വാണു.

ശങ്കരാഭരണം—ചെമ്പട.

കൃഷ്ണാംഘ്രിപത്മമധുപായിതമാനസാന്തോ
നിഷ്ണാത ഏഷ നിശി ധമ്മസുതഃ കദാചിൽ
കൃഷ്ണാംബുദപ്രകരസന്നിഭചാരുവേണീം
കൃഷ്ണാം ജഗാദ രമണീം രമണീയഗാത്രീം. 5

പല്ലവി.

വാരിജസമവദനേ! വാമലോചനേ!
വാരണവരഗമനേ!

അനുപല്ലവി.

നീരദാളീനിഭനീലചികുരഭരേ!
ചാരവേ വരികയി! ചുട്ടകളവാചനേ! — വാ

Digitised By Kerala Sahitya Akademi

ചരണങ്ങൾ.

1. ചന്ദ്രനുദിച്ചങ്ങുയൎന്നു, വാനിൽ
ചന്ദ്രിക ഭുവി പരന്നു
കുന്ദനികരം വിടൎന്നു, ഭൃംഗ-
വൃന്ദമതിൽ വന്നിരുന്നു
സുന്ദരി! കാൺകയി! മധു മധുരം
സുഖമൊടു ഹന്ത! നിപീയ പരം
മന്ദരവാദിഹ കുസുമശരം
മമ ഹൃദി കലയതി ബഹുലതരം
മന്ദമരുത്തുമമന്ദരസാൽ വില-
സുന്നു നിരന്നു പരന്നതിരുചിരം— വാ

2. മന്ദം വസന്തം വളൎന്നു, വീരൻ
മന്മഥനൊന്നു മുതിൎന്നു
തെന്നലാം തേരിലിരുന്നു, വന്നു
തെളിവൊടിതാ വിലസുന്നു
മന്ദത വിട്ടിഹ ശരനികരം
മയി ബത! വികിരതി നിശിതതരം
ഖിന്നത ചെറുതല്ലറിക പരം
കിളിമൊഴി! പാലയ മാം വിധുരം
സുന്ദരതരമുഖനിന്ദിതശാരദ-
ചന്ദ്രേ! തവ ദ്രഢമിന്നിതു സുകരം— വാ

പൂൎവ്വികല്യാണി—ചെമ്പട.

പല്ലവി.

കാമസന്നിഭരൂപ! തേ, കേട്ടാലും വാചം
സോമാനനാ വായദീപമേ!

Digitised By Kerala Sahitya Akademi

അനുപല്ലവി.

യാമിനിയിതിൽ സുഖം നാമിനി വേണ്ടുന്നതു
കാമിനിയായീടുമീ ഭാമിനി ചൊല്ലേണമോ?— കാ

ചരണങ്ങൾ.

1. കാലോചിതമായുള്ളൊരു, കൃത്യമോർത്തിഹ
ചേലോടു ഭവാൻ ചെയ്യാലും
മാലോർത്താലതിഘോരം ഹാ! ലോലം മനം പാരം
ആലോകയ നീ മാരം ഭൂലോകേശ്വര! വീരം—കാ

2. തിങ്കളല്ലിതു വല്ലഭ!, കാമരാജൻെറ
വെൺകൊററക്കുടയാകുന്നു
ഭൃംഗാരവമല്ലിതു ശൃംഗാരയോനിയാകും
കെങ്കേമൻ തൻെറ നല്ല ശംഖനാദം നിയതം—

3. സന്ദേഹമില്ല തെല്ലുമേ, ഇന്നിതു പികവൃന്ദ-
വൃന്ദനാദവുമല്ലഹോ!
കന്ദർപ്പരാജൻതൻെറ വന്ദികൾ തൽകീർത്തിയെ
വന്നിഹ പാരം വാഴ്ത്തീടുന്നതാണിതു നൂനം— കാ

4. പൂവമ്പനല്ല മന്മഥൻ, ശങ്കയില്ലേതും
ഈ പൻപൻ തീയമ്പൻ തന്നെ
ഹേ വീര! നമുക്കരം ഈ വിധമെഴും സ്മരം
സേവിച്ചുകൊണ്ടിന്നേരം മേവീടാമിഹ സൈ്വരം-

പാടി—ചെമ്പട.

കുസുമേഷുശിലീമുഖപ്രവേശാ-
ദസമാനാം നിജപത്നിനീം വിവർണ്ണാം
പ്രസമീക്ഷ്യ കദാപി ധാർത്തരാഷ്ട്രഃ
സസുമാം ഹന്ത! ജഗാമ പുഷ്പവാടീം. ൬

Digitised By Kerala Sahitya Akademi

ലോലാം മാധവലാളിതാം കുസുമിതാം
പത്രാങ്കുരാലംകൃതാം
പാശ്വസ്ഥാം പരമഞ്ജുനസ്യ കലിതാ-
മോദാം തദാ മാധവീം
വീക്ഷ്യാനല്പതരേഷ്യയേവ കലുഷോ
ഗത്വാ നികുഞ്ജാന്തരം
ദാക്ഷ്യാദത്ര വസന്നഭാഷത നിജാം
ഭാര്യ്യാം സ ദുര്യ്യോധനഃ. 7

ചരണങ്ങൾ.

1. താമരസവിലോചനേ! താരാധിപാനനേ!
സാമോദം ശൃണു മേ വാചം സാമജേന്ദ്രയാനേ!
2. ഭൂരുഹകദംബമിഹ ഭൂരിപുഷ്പപൂർണ്ണം
മാരനിഷംഗസദൃശം മാരുതലോലിതം.
3. ബാലേ! കചനീലാംബുദജാലേ മുഖചന്ദ്രം
ചാലേ മറച്ചുൾക്കൈരവേ മാലേറൊലാനീ മേ.
4. കണ്ടിവാർകേശി! നിൻകേശം കണ്ടു മോദം പൂണ്ടു
കൊണ്ടലൊന്നോർത്തിതാ നീലകണ്ഠങ്ങളാടുന്നു.

ഏരിക്കില — ചെമ്പട.

പല്ലവി.

വല്ലഭ! മമ വചനം, കേട്ടാലും ഹൃദി
ചൊല്ലാവതല്ലേ കദനം.

അനുപല്ലവി.

മല്ലവിശിഖനാകും വില്ലാളിവീരനിതാ
കൊല്ലുവതിനു കലവില്ലു വഹതി കര-
തല്ലജഭുവി ദയ തെല്ലവനില്ല— വല്ലഭ!

Digitised By Kerala Sahitya Akademi

ചരണം.

മല്ലീബാണരസാലയം, മധുസമയം
തെല്ലല്ലേ മാനസാമയം

കല്യാണാലയ! കാന്താ കല്യ! പാലയതാന്താം
അല്ലലൊഴിപ്പതിനില്ല പരൻ മമ
തെല്ലുരതിഹ മടി വെല്ലുക മദനം— വല്ലഭ!

കാമോദരി—ചെമ്പട.

അഥ കുരുതിലകേ കസ്മിന്നവധപുത്രേ കദാചിൽ
പൃഥുഭുജബലയുക്തൈഃ ഭ്രാതൃഭിസ്സോദരൈർമ്മാതുലാദ്യൈഃ
അധിവസതി സഭാന്താമഭ്യുപേത്യാശു നത്വാ
വിധിവദിതി ബഭാഷേ സാദരം കോപി ചാരഃ.

പല്ലവി.

കലയേഹം പാദപങ്കജം, കൌരവേശ്വര!
കലയേഹം പാദപങ്കജം.

അനുപല്ലവി.

ബലവിജിതസുരേശ!
ബഹിഷ്കൃതാഖിലനിജാഹിത!— കലയേ

ചരണങ്ങാം.

1. ചൊല്ലെഴും ഭവാനിതുകാലേ, ശ്രദ്ധമെന്നോടു
ചൊല്ലിയങ്ങയച്ചതുപോലെ, വേഷവും മാറി (അ)
സോല്ലാസം പോയി നൃപമൌലേ! ഇന്ദ്രപ്രസ്ഥത്തി
ലെല്ലവേ ചെന്നേനഹം ചാലേ, അവിടെ മോദാൽ

ഉടൻ നരേശ്വരപുരത്തിലും
കടന്നു ബഹു ഗൃഹവരത്തിലും
കിടന്നു നിശി ചില നിരത്തിലും
നടന്നു ഞാൻ പലതരത്തിലും— കലയേ

Digitised By Kerala Sahitya Akademi

2. നാരദമാമുനിതാനുമന്നു, ധർമ്മജൻതന്നെ
പാരാതെ കണ്ടുപോവതിന്നു, അവിടെപ്പാരം
കാരുണ്യഭാവമോടും വന്നു, ഭൂപദത്തമാം
ചാരുപീഠമതിലിരുന്നു, വന്ദിച്ചുകൊണ്ടു
വിരഞ്ഞു ബഹുതരമനന്തരം
എരിഞ്ഞു ബത! നിജഹൃദന്തരം
നിറഞ്ഞ കദനമൊടനന്തരം
പറഞ്ഞു നരപതി നിജാന്തരം— കലയേ

3. വർത്തമാനമതുനിശമിച്ചു, മാമുനി ധർമ്മ-
പുത്രനോടു മോദാൽ കഥിച്ചു, 'പാഞ്ചാലിതന്നെ
പ്രത്യബ്ദം ഭാര്യയാക്കിവെച്ചുകൊണ്ടഞ്ചുപേരും
അത്ര മുറയ്ക്കു നിവസിച്ചു, കൊള്ളുവിനെന്നാൽ,
ഒരുത്തനിതി നിജഗൃഹാന്തരേ
തരത്തിൽ മരുവിനദശാന്തരേ
പെരുത്ത പിഴ ഖലു ഗൃഹോദരേ
കരുത്തൊടണവതുസഹോദരേ— കലയേ

4. പാർത്തിടാതെയവൻ പോയിടേണം, ഒരു വത്സരം
തീർത്ഥമാടി നടന്നീടേണം, ആയതു നിത്യം
ഓർത്തു നിങ്ങൾ വസിച്ചീടേണം, പങ്കജാക്ഷനെ
പേർത്തുപേർത്തും സ്മരിച്ചീടേണം,' എന്നരുൾ ചെയ്തു
ഗമിച്ചു ഗുണനിധി മുനീശ്വരൻ
രസിച്ചു നിജഹൃദി നരേശ്വരൻ
വിളിച്ചു വിരവൊടു സഹോദരാൻ
വചിച്ചു പുനരിതി മഹോദരാൻ— കലയേ

5. 'ആക്കർദമുണ്ടാം നിജഹൃദി കോപം, വെട്ടെന്നു കാര്യം
ഓർക്കാതെയപ്പോൾ ബഹുപാപം, ചെയ്തുപോയിടും

Digitised By Kerala Sahitya Akademi

മേൽക്കുമേലതിൽച്ചിലശാപം, വന്നു ചേൎന്നിട്ടും
ദോഷമില്ലതിനാൽ ഗതതാപം, അസ്ത്രശസ്ത്രങ്ങൾ
രസിച്ചു വിരവൊടു മമാലയേ
ന്ന്യസിച്ചു ദിനമനു മഹോദയേ
ലസിച്ചിടുന്നൊരു നിജാലയേ
വസിച്ചുകൊൾകതിസുഖാദയേ!' കലയേ

6. സാദരമിങ്ങനെ നിൎവ്വചിച്ചു, അസ്ത്രശസ്ത്രങ്ങൾ
സോദരരെക്കൊണ്ടു വെയ്പിച്ചു, ധൎമ്മനന്ദനൻ
മോദമോടവരെയയച്ചു, ദ്രൌപദിതന്നെ
ഖേദമാകടനാനയിച്ചു, അവളിൽപ്പാരം
ഭ്രമിച്ചു നരപതി പുരത്തിലും
ഗമിച്ചു സുഖമുപവനത്തിലും
ശ്രമിച്ചു ബത! പലവിധത്തിലും
രമിച്ചു നിവസതി ദിനത്തിലും— കലയേ

ഘണ്ടാരം—അടന്ത.

ചരണങ്ങൾ.

1. ഘോരപരാക്രമവാരിധികളെ!
പാരാതെ മൽഗിരം കേൾക്കുവിൻ
മേരുസമമഹാധീരന്മാർ നിങ്ങൾ
ചാരൻ പറഞ്ഞതു കേട്ടില്ലേ?

2. ഹന്ത! മമ പരിപന്ഥികളായ
കുന്തീതനയരോടിന്നു നാം
എന്തിഹ വേണ്ടുന്നതെന്നതുമിനി-
ച്ചിന്തിച്ചു നിങ്ങളുരയ്ക്കണം.

3. ആതുരഭാവമൊഴിഞ്ഞുടൻ മമ
മാതുലനോക്കുകിലിന്നിതിൽ

Digitised By Kerala Sahitya Akademi

ഏതും പ്രയാസമില്ലാതൊരുവഴി
ചാതുരിയോടിഹ കണ്ടിടും.

കാനകുറിഞ്ഞി—പഞ്ചാരി.

ചരണങ്ങൾ.

1. രാജവംശദീപ! ദേവരാജതുല്യവീൎയ്യ! കേൾക്ക
വ്യാജഹീനമായിടുന്ന വാക്യമിന്നു മേ.
2. ഭാഗധേയസിന്ധുവായഭാഗിനേയ!നിൻെറദൈവ
യോഗമോൎത്തു കാൎയ്യമൊന്നു വേഗമോതിടാം.
3. ധൂൎത്തരായ പാൎത്ഥരങ്ങു പാൎത്തിടും പുരത്തിലിന്നു
രാത്രി [illegible]നയെയാക്കു ചോരസാൎത്ഥമാൎത്തണം.
4. ഉഗ്രകോപമോടിതകടുകലെങ്ങു പാൎക്കുമന്തകന്നുമുള്ള
ശോകമെല്ല ഹരിച്ചു ടേണമാശമോടുടൻ.
5. ആൎത്തനാകുമന്ദണൻെറ ചീൎത്തരോദനങ്ങൾ കേട്ടു
പാൎത്ഥനാശു തേടിപപ്പു തീൎത്തിടാൻ വരും.
6. അസ്ത്രശസ്ത്രഹീനനായി വൃത്രശത്രുപുത്രനേൽക്കിൽ
മിത്രപുത്രപത്തനത്തിലത്ര ചേൎത്തിടാം.
7. വ്യഗ്രനായിയായുധാൎത്ഥമഗ്രജാലയം ഗമിക്കിൽ
ഫൽഗുനൻ ഗമിക്കുമാശു തീൎത്ഥമാടുവാൻ.
8. വേണ്ടവേണ്ട ശങ്കയിന്നുരണ്ടിലൊന്നു പററുമിപ്പോ
ഇണ്ടലററയക്ക ചോരവീരരെ ക്ഷണം. (ൾ

ഘണ്ടാരം—മുറിയടന്ത.

ചരണങ്ങൾ.

1. നന്നുനന്നു മാൎഗ്ഗമിന്നിതു പാരം
സന്ദേഹമില്ലിഹ തെല്ലുമേ
എന്നാലിതിന്നിനിയാരെല്ലാമുടൻ
സന്നദ്ധരായങ്ങു പോകുകുണ്ടു?



Digitised By Kerala Sahitya Akademi

2. നിശ്ചലമാനസ! സോദര! മമ
ദുശ്ശാസന! ഭവാനിന്നിതിൽ
ദുശ്ശങ്ക വിട്ടു പുറപ്പെട്ടാൽ കാൎയ്യം
നിശ്ചയം സാധിച്ചുവന്നിടാം.

സാരംഗം—മുറിയടന്ത.

പല്ലവി.

വീര! നിൻപദപങ്കജങ്ങളയേ! വിശ്രുതകീൎത്തേ!
വീൎയ്യശൌൎയ്യഗുണാംബുധേ! കലയേ.

ചരണങ്ങൾ.

1. ആൎയ്യ! നിന്നുടെ ശാസനങ്ങളെ
ആദരേണ നടത്തിടാത്തവൻ
ആരൊരുത്തനഹോ! ധരിത്രിയിൽ?
അത്ര യാത്രഹാദ്യ കുരുവര!— വീര

2. മുഷ്കരരുപാരമെഴുന്ന ബഹുവിധ-
തസ്കരാവലിയൊത്തു ഭൂസുര-
ഗോക്കളെത്തൻകുലമൊക്കയും ക്ഷണ-
മാക്കമോടു ഹരിക്കുവെൻ ഖലു.— വീര

3. ശത്രുവൎഗ്ഗമടുത്തുവന്നു ത-
ടുത്തുവെങ്കിലതിദ്രുതം ബത!
മിത്രപുത്രപുരത്തിലാക്കുവെ-
നത്ര സംശയമില്ല ഹൃദി മമ— വീര

അസാവേരി—ചെമ്പട.

തദന്തരേ തസ്കരവൎഗ്ഗനാഥോ
മദാന്ധധീരന്ധകനാമധേയഃ
വനേചരോയം പുരതോ ഗതാംസ്താ-
നനേകരൂപാനിദമാഹ ചോരാൻ.

Digitised By Kerala Sahitya Akademi

പല്ലവി.

മംഗളമസ്തുതരാം ഭവതാം ഭംഗമൊഴിഞ്ഞു സദാ.

അനുപല്ലവി.

എങ്ങുനിന്നു വന്നതിങ്ങു നിങ്ങൾ-
ക്കെന്തു നാമമെന്നുമല്ല, പിന്നെ
സംഗതിയെന്തിഹ വരുവാനെന്നും
മങ്ങലററ ഭംഗിയോടു പറവിൻ— മംഗള

മാരധനാശി!—മുറിയടന്ത.

പല്ലവി.

മേദുരഗുണവാരിധേ! കേട്ടാലും
സാദരം മമ ഭാഷിതം.

അനുപല്ലവി.

ചേദിരാജ്യംതന്നിൽനിന്നു വരുന്നു ഞാൻ
ആദികള്ളനെന്നു നാമം ധരിക്ക മേ— മേദുര

ചരണങ്ങൾ.

1. കേമനായുള്ളോരനാദികള്ളനെന്നു
നാമമെനിക്കറിഞ്ഞീടുക
ഹേ മതിമൻ! കാശിവാസിയാകുന്നു ഞാൻ
കാമിതാ ത്വത്സഹവാസമത്രേ മമ— മേദുര

2. പ്രാജ്യകീർത്തേ! ഭുവി പാരം പുകഴ്ന്നോരു
രാജ്യകള്ളനെന്നു നാമം മേ
പൂജ്യനാകും ഭവാൻതന്നെക്കാണ്മാൻ വംഗ-
രാജ്യത്തുനിന്നിഹ വന്നേൻ ധരിച്ചാലും— മേദുര

3. ഉള്ളതു ചൊല്ലുന്നതുകേറിടും പെരു-
കള്ളനെന്നുടെ പേരഹോ!
കള്ളമല്ലേതും കലിംഗരാജ്യത്തിനി-
ലുള്ളവനേഷ ഞാനെന്നറിഞ്ഞീടുക— മേദുര

Digitised By Kerala Sahitya Akademi

അസാവേരി—ചെമ്പട.

ചരണങ്ങൾ.

1. മോദം പരമിന്നു, മാമക, ചേതസി വളരുന്നു
ഏതുമട്ടിലൊക്കെയുള്ള കളവുകൾ
ചെയ്യാകെന്നാവതിന്നു പാക്കിലുരുതര-
ചാതുരി നിങ്ങൾക്കായതുമിപ്പോൾ
ആതുരതാപമാശു വിട്ടു പറവിൻ— മംഗളമസ്തു

മാരധനാശി—മുറിയടന്ത.

4. യോഷമാർമെയ്യിൽനിന്നാരുമറിയാതെ
ഭൂഷാഗണങ്ങളെയൊക്കയും
ഈഷലെന്ന്യേ ഹരിച്ചീടുവാനെന്നോളം
ശേഷിയില്ലോക്കുകിലാക്കുമറിഞ്ഞാലും— മേദുര

5. ഭണ്ഡമെന്ന്യേ രാജഭണ്ഡാരം ഭേദിപ്പാൻ
ശൌണ്ഡതയിന്നോത്തു കാണുകിൽ
നിർണ്ണയമെന്നോളമാക്കുമില്ല ഭൂമി-
മണ്ഡലംതന്നിലതിന്നില്ല കില്ലു മേ— മേദുര

6. ഉന്നതമാകും കൊടിമരത്തിൽക്കേറി
പൊന്നു പൊതിഞ്ഞോരു വാഹനം
മന്ദമിളക്കിയെടുത്തു കൊണ്ടുപോരാ-
നെന്നോളം വൈഭവം മന്നിലില്ലാക്കുമേ— മേദുര

7. ഇക്ഷോണീഗർഭത്തിൽ നിക്ഷിപ്തമായുള്ള
നിക്ഷേപകുംഭനികരവും
തൽക്ഷണം കൈക്കലൊക്കീടുവാനെന്നോളം
ദക്ഷതയാക്കുമില്ലെന്നതു നിശ്ചയം— മേദുര

Digitised By Kerala Sahitya Akademi

അസാവേരി—ചെമ്പട.

2. വാക്യമിദം രുചിതം മേ ഖലു ഭാഗ്യമഹോ! നിയതം
ശ്ലാഘ്യനായ കൌരവേന്ദ്രസോദര-
നാകമോടൊരാളയച്ച മാം പ്രതി
വേഗമൊടതിനാലവിടേയ്ക്കിപ്പോൾ
പോകവേണമാകവേ നമുക്കിനി— മംഗളമസ്തു

ഘണ്ടാരം—മുറിയടന്ത.

10. ഉക്ത്വാ ചൈവം ചോരവർഗ്ഗേണ സാർദ്ധം
ഗത്വാ വേഗാത്തസ്കരാധീശ്വരോസൌ
ചിത്താമോദാൽ പ്രാപ്യ ദുശ്ശാസനം തം
നത്വാ പാദേ വാക്യമിത്ഥം ബഭാഷേ.

ചരണങ്ങൾ.

1. ഘോരവിക്രമവാരിധേ! കുരു-
വീരസോദര! സന്മതേ!
ധീരധീര! വിഭോ! ഭവൽപദ-
താരിണയ്ക്കു തൊഴുന്നു ഞാൻ
കരളിലുരുതര കരുണയൊടു സമ-
മരുളിവിട്ടതുപോലവേ
അരികിലയി! തവ പെരിയ പരിജന-
നിരയൊടൊത്തുടനെത്തിനേൻ.

2. തക്കമേററിനി വെക്കമെൻപൊട്ട-
രയ്ക്കു വേണ്ടതു സർവ്വം
മുഷ്കരത്വമെഴുന്ന തസ്കര-
വർഗ്ഗമൊക്കയുമുണ്ടിഹ.

Digitised By Kerala Sahitya Akademi

ചെറുതു തവഹിതമറികിലതുവിധ-
മുരുജവേന നടത്തുവാൻ
വിരുതരിവരൊരു കുറവുമിഹ നഹി
വിരവിലോതുക വാഞ്ഛിതം.

പന്തുവരാടി—ചെമ്പട.

പല്ലവി.

വനചരവീര! സഖേ! ശൃണു മാമകം
വചനമിദം സുമതേ!.

ചരണങ്ങൾ.

1. മനമതിലിഹ മമ താവകവചനാൽ
ഘനതരമോദമുദിച്ചീടുന്നു— വന

2. പാർക്കാതത്ര നമുക്കാ പാണ്ഡവർ
പാർക്കും പുരമതു പൂകണമിപ്പോൾ— വന

3. ഉൗക്കൊട്ടു തത്ര വസിക്കും ദ്വിജനുടെ
ഗോക്കളെയൊക്കെ ഹരിക്കണമധുനാ— വന

4. പ്രതിഫലമിതിനിഹ നിങ്ങൾക്കെല്ലാം
ക്ഷിതിപതി തന്നിടുമില്ല വിവാദം— വന

ദ്വിജാവന്തി—അടന്ത.

ഇത്യുക്ത്വാ സ്വബലൈശ്ച തസ്കരവരൈ-
ർദ്ദുശ്ശാസനോ വാസവ-
പ്രസ്ഥം പ്രാപ്യ ഹരത്യഹോ! പശുകുലം
വിപ്രഃ പ്രബുദ്ധോ നിശി
ദുഃഖാത്യാതുരൻ വിലപ്യ വിജയം
പ്രാപ്യാഹ തപ്താശയോ
ദൂയന്തേ ധനിനോപി വിത്തവിലയേ
നിസ്വാസ്സു കിം വാ പുനഃ. 11

Digitised By Kerala Sahitya Akademi

ചരണങ്ങൾ.

1. ഹാഹാ!ഞാനെന്തുചെയ്യൂ?ഹംഹം!ഹന്ത!ദൈവമേ
മാഹാകുലത്തെയെല്ലാം ദ്രോഹികൾ ഹരിക്കുന്നു.
2. ബാഹ്ലജവംശമണേ! ബാഹുവിക്രമാംബുധേ!
ഏഹി ഫൽഗുന! വീര! പാഹിമാം ദയാസിന്ധോ!
3. ആത്തരക്ഷണമിതു ക്ഷാത്രധമ്മമല്ലയോ?
പാത്ഥ! നീയൊഴിഞ്ഞൊത്തിതീത്തീടാനന്യനുണ്ടോ?
4. പോരിനു വൈകിടാതെ പോരിക താമസിച്ചാൽ
ഭൂരിഗോധനമെല്ലാംവൈരികൾ കൊണ്ടുപോകും.
5. സ്ത്രീധനമായ്ലഭിച്ച ഗോധനമല്ലാതിഹ
ഹാ! ധനമില്ലേതുമേ ഹേ ധനഞ്ജയ! പാത്താൽ.
6. വീരന്മാർ നിങ്ങളിഹ പാരിടം ഭരിക്കവേ
ചോരഭീതിയെന്നതു പോരായ്മയല്ലയോ തേ?

ബലഹരി—ചെമ്പട.

പല്ലവി

അഴലിഹ വേണ്ടയി ഭൂസുര! താവക-
കഴലിണ പണിയുന്നേൻ.

അനുപല്ലവി.

കഴിയാതില്ലിഹ താവകരക്ഷണ-
മഴകൊടു ചെയ്യുവെന്നർജ്ജുനനിഹ ഞാൻ— അഴ

ചരണങ്ങൾ.

1. എന്തൊരു കഷ്ടമിതന്തകസുതനിഹ
ചന്തമൊടിങ്ങനെ നാടു ഭരിക്കെ
അന്തണവരനുടെ ഗോധനമധുനാ
ഹന്ത! ഹരിപ്പൊരു കുമതികളാരോ?— അഴ
2. അന്തരമില്ലിതു പാത്താൽകേവല-
മന്ധതനുജന്മാരുടെ പണിയാം

അന്തമട്ടത്തിതവക്ത്രിനാൽത്താൻ
സന്തതമീ വക തോന്നുവതെല്ലാം— അഴ
3. ആരെന്നാകിലുമില്ലൊരു ഭയമിഹ
ഘോരരശേഷരുമിന്നു നശിക്കും
മാരികണക്കെൻശരനിരയേററാൽ
പോരിൽ മരിക്കാത്തവരാരുലകിൽ?— അഴ

ആനന്ദഭൈരവി—ചെമ്പട.

ഏവം പറഞ്ഞുടൻ കളത്തിലിവോട്ട ധാത്രീ-
ദേവാതിരിച്ചുടനയച്ചോരു ശേഷമുള്ളിൽ
ആവൻപനമ്പൊടു നിജസ്ഥിതിയോർത്തു പാർത്ഥൻ
ഭാവം പകന്നു വിലപിച്ചു വിഷാദമോടെ. 12

പല്ലവി.

എന്തഹോ! ചെയ്യുന്തെന്തഹോ!

ചരണങ്ങൾ.

1. അന്തണേന്ദ്രരക്ഷയിതു സന്ത്യജിക്കാവതോപാർത്താ
ഹന്ത ഹന്ത! വെന്തിടുന്നു പരമര- (ൽ?
മന്തരംഗമന്തരായമോർത്തിഹ— എന്ത
2. പേർത്തേതുമിദമോർത്തില്ലേ. (കിൽ
ധാത്രീന്ദ്രപത്തനത്തിലീ രാത്രിയിലെത്തിയെന്നാ
തീർത്ഥമാടി യാത്രചെയ്തു ബഹുവിധ-
മാർത്തികൾക്കു പാത്രമായ്ഭവിച്ചിടും— എന്ത
3. മെത്തുന്നു പാരമുൾത്താപം. (ന്നാ
അസ്ത്രശസ്ത്രാദികളെന്യേ ശത്രുക്കളോടിവൻ ചെ
ാത്തിടാതെ നേർത്തുവെങ്കിലരമല-
മാർത്തിയിന്നു ചേർത്തയക്കുമവരിഹ— എന്ത
4. മാലിന്നു പാരം കോലുന്നു. (കും
കാലം താമസിച്ചാൽക്കന്നുകാലികളെക്കൊണ്ടുപോ

Digitised By Kerala Sahitya Akademi

കാലകാല! നീലകണ്ഠ! ശിവ! ശിവ!
മാലൊഴിച്ചു പാലയാശു മാമിഹ— എന്ത

5. ശ്രീപതേ! ഗോപസ്ത്രീപതേ! (മാം
ഗോപാലക! ഭവാൻ വിപ്രഗോപാലനേ തുണയ്ക്ക
താപമററ മാഗ്ഗമത്ര യദുകുല-
ദീപ! ദേവ! ശോഭയാശു മേ ഹൃദി— എന്ത

6. പാരമായെന്തിനോരുന്നു?
ആരണസഹായം ശുഭകാരണമായ ഭവിക്ക
ദാരയുക്തനായ്മറെങ്കിലും ദ്വിജ-
കായ്യമോത്തു ചാരവേ ഗമിക്കവെൻ— എന്ത

മുഖാരി—ചമ്പ.

കാലാനുകൂലമനുഭൂയ സുഖം വസന്താ
ലീലാലയേ ഹരിസുതഃ പ്രിയയാ വസന്തം
കാലാത്മജം പദനതഃ കലയൻ മുദന്താ
ലോലാശയോ നൃഗദദേത്യ ഗവാമുദന്താ. 13

ചരണങ്ങാം.

1. നൃപതിവര! പൂവ്വജ! നിശമയ ഗിരം മേ
സപദി പണിയുന്നു ഞാൻ സാദരം നിൻപദം.
2. കുരുനൃപവരക്കേഴ്ഴും കുസൃതികൾ നിനയ്ക്കുകിൽ
അരുതരുതു ചൊല്ലുവാൻ അഗ്രജ! മഹാമതേ!
3. ആക്കമൊടട്ടത്തിഹ പാക്കമൊരു വിപ്രന്റെ
ഗോക്കളെ ഹരിക്കുന്നു മുഷ്ക്കോടവരദ്യ താൻ.
4. ധാത്രീസുരൻ വളരെ ആത്തനായ്യന്നുടൻ
കാത്തുകൊൾകെന്നു മാം പ്രാത്ഥിച്ചു സാദരം.
5. ഓക്കാതെ ഞാനുമുടൻ ഊക്കിനൊടു ഗോക്കളെ
കാക്കുന്നതുണ്ടെന്നു വാക്കേകിനേൻ വിഭോ!



Digitised By Kerala Sahitya Akademi

6. ആത്മജനരക്ഷണം അത്ര ചിന്തിക്കുകിൽ
ധാത്രീശ! നമ്മളുടെ ധർമ്മമല്ലോ പരം.

7. ആയുധമെടുക്കാതെ ആയവരൊടിന്നു ഞാൻ
ആയോധനത്തിന്നു പോയാൽ ഫലിക്കുമോ?

8. എന്നതുനിമിത്തമിഹ വന്ന പിഴ സന്മതേ!
നന്നായിയൊരുത്തുടൻ തന്നാലുമായുധം.

ഭൈരവി — ചെമ്പട.

പല്ലവി.

സൽഗുണഗണവസതേ! ഫൽഗുന! തേ ശുഭമസ്തു
മൽഗിരാ കേട്ടാലും സുമതേ!, ദുഃഖമിതിനാൽ
ഉൾക്കാമ്പിൽ വേണ്ടിന്നു തെല്ലുമേ.

അനുപല്ലവി.

മുഷ്കരവരരാമകരുവരരിഹ
തസ്കരരായതു മോക്കിൽ വിചിത്രം!— സൽഗു

ചരണങ്ങൾ.

1 ആത്മലോകത്രാണമിതു ക്ഷാത്രധർമ്മമല്ലോ പാർത്ഥാ
ധാത്രീദേവരക്ഷ ചെയ്യാതെ, പാർത്ഥിവന്മാർക്കു (ൽ
പാർത്തിടാവല്ലിഹ സോദര!
വൃത്രവലാന്തകപുത്ര! ഭവാനുടെ
കൃത്യമിതോർത്താലെത്രയുമുചിതം— സൽഗു
(യം

2. ആയുധങ്ങളിതാ വേഗം പോയാലും വൈരിസഞ്ച
ആയോധനേ ചെന്നുവെന്നുടൻ, ഗോക്കളെ വി
ന്നായികൊടുത്താശു വന്നാലും (പ്ര
ശ്രേയസ്സോടു ദീർഘായുസ്സും തവ
ഭൂയസ്സായ യശസ്സും ഭൂയാൽ— സൽഗു

Digitised By Kerala Sahitya Akademi

മദ്ധ്യമാവതി — ചമ്പ.

ലബ്ധ്വാ ശസ്ത്രാസ്ത്രജാതേ ത്രിപുവനഹേനാ
വാതജ്ഞം കേതുചിഹ്നം
സംസ്മാരാത്മീയമന്തഃ കപികുലവൃഷഭം
വിക്രമീ ശക്രസൂനുഃ
താവദ്രംഭാവനന്ധോ രഘുതിലകപദ-
ധ്യാനനിഷ്ഠോ വിശിഷ്ട-
ശ്ചിന്താം ചക്രേ ഹൃദന്തേ ദശമുഖനഗരീ-
ശ്രീഹരഃ ശ്രീഹനുമാൻ. 14

ചരണങ്ങൾ.

1. കൊടിയൊരു സമാധി ബത! ഝടിതിയഴിയുന്നു മേ
കഠിനമിതിനെന്തുവാൻ കാരണം സാമ്പ്രതം?
2. ശ്രീരാമചന്ദ്രപദതാരിണ ഭജിക്കവേ
ആരാനുമിന്നു മാമാരാലടുക്കുമോ?
3. ആരണവരനുടെ ചോരാത്തി തീക്കുവാൻ
വീരമണി ഫൽഗുനൻ പോരിന്നു പോകുന്നു.
4. ധീരനവനിന്നു മാം പാരം സ്മരിക്കുന്നു
പാരാതെ പാൎത്ഥനുടെ ചാരവേ പോകണം.
5. ശ്രീരാമ! രാമ! ജയ സീതാഭിരാമ! ജയ
ഹേ രാവണാന്തക! വീര! പരിപാഹി മാം.

ശങ്കരാഭരണം—ചെമ്പട.

വിഹായസാ വിഹായസാ സമേത്യ ഗന്ധമാദനം
വിഹായ സാധ്വസാവഹോ! വിരോധിസാധ്വസാവ
മഹാശുഗാശുഗം മുദാഗതം തദാശുഗാത്മജം (ഹാ
സഹാസമാഹ സാഞ്ജലിർ ധനഞ്ജയം വചോഽഞ്ജനഃ.

Digitised By Kerala Sahitya Akademi

പല്ലവി.

പവനാത്മജ! ശൃണു പാവനമാനസ!
തവ പദകമലം താണു തൊഴുന്നേൻ.

ചരണങ്ങൾ.

1. അവിവേകികളാലപഹൃതധനനായ്
അവശതയാ മാമാശ്രയമാനൊരു
അവനീസുരനുടെ അവനം ചെയ്വാൻ
ഇവനു ഭവാൻ താനിന്നു സഹായം— പവ
2. പോക്കളമതിലിഹ നേക്കും രിപുനിര
ഗോക്കളെ വിട്ടേൻ ഗോക്കളെസാംഖ്യാ
ആക്കമൊടേററയി! തോൽക്കും വരെ മമ
തേക്കൊടിമരമതിൽ പാക്ക മഹാത്മൻ!— പവ
3. ധന്യന്മാരുടെ സന്നിധിയോഗാൽ
മന്ദനുമേററം മാന്യതയുണ്ടാം
കുന്ദസുമത്തോടു കൂടിന നാരിനെ
മന്നവനും നിജമൂർദ്ധ്നി ചാത്തും— പവ

മദ്ധ്യമാവതി—ചെമ്പട.

പല്ലവി.

നിസ്തുലഭുജബല! നിർജ്ജരവരസുത!
അസ്തു പരം തവ സ്വസ്തി ഗുണാബ്ധേ!

ചരണങ്ങൾ.

1. അസ്തവിശങ്കമമിത്രഗണത്തെ
അത്ര ജയിക്കുക വിസ്തൃതകീർത്തേ!
അത്രഭവാനുടെ ശസ്ത്രഗണത്തിൽ
ത്രസ്തരഹോ! ഭുവി മർത്ത്യരശേഷം— നിസ്തുല
2. കുത്സിതരാകും കുരുസുതരേവം
മത്സരമാന്നിഹ മരുവുക മൂലം

Digitised By Kerala Sahitya Akademi

വത്സ! വിനാശമവക്കുളവാകും
നിസ്സംശയമയി! നിങ്ങൾ ജയിക്കും— നിസ്തുല

3. ഘോരദശാസ്യവധത്തിനു മുന്നാം
ശ്രീരാമാകൃതി പൂണ്ടിട്ടിപ്പോൾ
സൈ്വരം ചൈദ്യഹതിക്കു ജനിച്ചൊരു
സാരസനേത്രൻ ജയമരുളും തേ— നിസ്തുല

കേദാരഗൌഡം—ചെമ്പട.

ഇത്യുക്ത്വാ വാതസൂനാവഥ രഥവരകേ-
തുസ്ഥിതേ സ്വസ്ഥചിത്തേ
പാർത്ഥഃ പ്രാസ്ഫാലിതജ്യാധ്വനിഹതസുമന-
ഷ്ഷണ്ഡവേതണ്ഡകർണ്ണഃ
ബദ്ധാടോപപ്രവൃദ്ധാൽകടതരഹൃദയ-
ക്രോധരൂക്ഷാരുണാക്ഷോ
യുദ്ധായാദ്ധാശ്വമിത്രാൻ ഹൃതപശുനിചയാ-
നാജുഹാവാജിശൂരഃ. 16

പല്ലവി.

നേരേ പോരിന്നു കള്ളന്മാരേ! വന്നീടുവിൻ.

ചരണങ്ങൾ.

1. ആർണഗോധനത്തെ ചോരണം ചെയ്തീടുവാൻ
കാരണം കിമിഹ? ഹാ! രണേ കൊടിയ-
ശൂരനെന്നതെന്നേ, അറിക മുന്നേ,
സപദി പിന്നെ, ഭയമതെന്ന്യേ— നേരേ

2. പൂരുഷക്കിതു ചേററം ചേരുന്ന കർമ്മമല്ലേ
വീരരെങ്കിലിതുനേരമെന്തു ബഹു-
ദൂരെ നില്പതവിടെ?, പടുതയോടേ,
ഝടിതി നികടെ, വടിചിലിവിടെ— നേരേ

Digitised By Kerala Sahitya Akademi

3. ഗോക്കളിൽ നിങ്ങൾക്കേറാമാഗ്രഹമുണ്ടെന്നാകി
ഗോക്കളിന്നു പരമേൽക്കുവിൻ മമ ഇ (ൽ
തീക്കനൽക്കു സദൃശം, വിടുവെനനിശം,
യമസകാശം, അണവിന്നവശാ— നേരേ

4. ഗോത്രാദേവൻെറ ധനം ഗോത്രാരിപുത്രനഹം
കാത്തുകൊള്ളുമിഹ ധൂൎത്ത നിങ്ങളുടെ
തീൎത്ഥയശ്ശുമുടനേ, ശമനസദനേ,
കഠിനകദനേ, നരകദഹനേ— നേരേ

കാനക്കുറിഞ്ഞി—പഞ്ചാരി.

ഇത്ഥം പാൎത്ഥരണോപശ്രുതിമധികം
ക്രുദ്ധാന്ധപുത്രാനുജഃ
ശ്രുത്വാ ബദ്ധവിരോധമുദ്ധതമതിഃ
സ്വദ്ധാലുരേത്യാന്തികം
സാദ്ധം തസ്കരസാൎത്ഥമിത്രനികരൈ-
ൎയ്യുദ്ധാൎത്ഥമത്യുൽകട-
പ്രദ്ധ്വാനോദ്ധുതകുദ്ധ്രവാദ്ധിനിവഹഃ
പ്രത്യാഹ വൃത്താരിജം. 17

ചരണങ്ങൾ.

1. ക്രുദ്ധഗവ്മത്രയുദ്ധ-
മാടിടുന്നതിന്നു നമ്മെ
ആടലെന്നിയെ വിളിച്ച
മൂഢനാരെടാ?

2. അഹിവരധ്വജൻെറ മൂത്ത
സഹജനേഷ ഞാൻ ധരിക്ക
അഹിത! നിന്നെയിന്നു തന്നെ
നിഹതനാക്കുവെൻ.

Digitised By Kerala Sahitya Akademi

1. ധൎമ്മശാലിയായിടുന്ന
ധൎമ്മസൂനുതൻസഹോദ്ര്യ-
നിമ്മഹാൻ കിരീടിയോക്ക
ദുൎമ്മതേ! ശഠ!

2. ഇമ്മഹീതലത്തിൽ നിന്റെ
ദുൎമ്മദം ഫലിക്കയില്ല
നമ്മമല്ല ദുഷ്ടശത്രു-
മൎമ്മഭേദി ഞാൻ.

3. കൌരവേശനെൻപിതാവു
കരുണകൊണ്ടു തന്നൊരഭ്യ-
ധരണിഭോഗമാണിതോൎത്തു
പറക ദുൎമ്മതേ!

4. കുടിലരായ നിങ്ങളോക്കി-
ലടിമകളാക്കു തുല്യരത്ര
മടി വെടിഞ്ഞു വടിവിലെന്റെ
അടി വണങ്ങെടാ!

5. അടി വണങ്ങുകല്ല നല്ല
അടി തരുന്നതുണ്ടു നിന്റെ
മുടിയിലിന്നതിന്നു തെല്ലു
മടിയുമില്ലെടാ!

4. എൻപിതാവിനുള്ള രാജ്യ-
മൻപുമൂലമന്ധനായ
നിൻപിതാവു തന്നതല്ല
കമ്പമില്ല മേ.

5. അലമലം വികത്ഥനേന
ബലിയനെങ്കിൽ വരിക നിന്റെ

Digitised By Kerala Sahitya Akademi

തലയറുത്തു കൂളികൾക്കു
ബലികഴിക്കുവെൻ.

5. ഡംഭമെന്തിനോതിടുന്നു?
ജംഭവൈരിപുത്രനെയ്യു-
മമ്പുടൻ തടുത്തുകൊൾക
വൻപനെങ്കിൽ നീ.

മലഹരി—ചെമ്പട.

യുദ്ധേ തത്ര ഘനാശുഗോൽകടമഹാ-
വൃഷ്ട്യാ വിനഷ്ടീകൃത-
സ്പർദ്ധാജ്യൈധിതകോപവഹ്നിഷു തദാ
ദുശ്ശാസനാദ്യേഷു സഃ
ഭീത്യാവേഗനിവർത്തിതേഷു ധരണീ-
ദേവായ മാഹാധനം
ദത്വാനമ്യ ജയശ്രിയാഢ്യ വിജയോ
മോദാന്ന്യഗാദീൽ ഗിരം. 18

പല്ലവി.

സാധോ! ഭൂസുര! സാദരമയി! തേ
പാദസരോജം പണിയുന്നേൻ ഞാൻ.

അനുപല്ലവി.

ആധി ഭവാനിനി വേണ്ടിഹ തസ്കര-
ബാധയശേഷമൊഴിഞ്ഞിതു സുമതേ!— സാ

ചരണങ്ങൾ.

1. പ്രൌഢതയോടിഹ ക്രുദ്ധമദം ബത!
ഗ്രുദ്ധാ വന്നൊരു മൂഢാരാശേഷാ

Digitised By Kerala Sahitya Akademi

ആടലൊടധുനാ പേടിച്ചതിജവം
ഓടിയൊളിച്ചിതു കാട്ടകമിതോറം— സാ

2. തസ്കരഹൃതസന്ത്യക്തം ഗോധനം
കൈക്കൊണ്ടീടുക കൊണ്ടിഹ വന്നേൻ
സൌഖ്യമൊടിനി മേൽ പാക്കാം ഭൂസുര-
മുഖ്യ! മുകുന്ദസഹായമിതെല്ലാം— സാ

പുറനീര് —ചെമ്പട.

പല്ലവി.

നിർജ്ജരവരസുത! നിഖിലഗുണാകര!
നിസ്തുലമിഹ പരമസ്തു ശുഭം തേ.

ചരണങ്ങൾ.

1. നിജ്ജിതരിപുബല! നിമ്മലകീത്തേ!
സജ്ജനമാന്യ! ജഗജ്ജയിയാം തേ
ഇജ്ജനമിതിനൊരു നിഷ്കൃതി ചെയ്വാൻ
അജ്ജുന! പാത്താലാളല്ലേതും— നിജ്ജര

2. അത്ഭുതവിക്രമനാം തവ സമനാ-
യിബ്ഭുവി പാത്താലില്ലൊരു വീരൻ
കെല്പൊടു നിന്നുടെ കീത്തി ജഗത്തിൽ
കല്പാന്തംവരെ വിലസുമനല്പം— നിജ്ജര

3. മദ്രക്ഷണമിതു മന്യമതേ! നീ
ഭദ്രതരാത്മക! സാധിച്ചതിനാൽ
വിദ്രുതമിഹ തേ വിജയ! വിശേഷാൽ
ഭദ്രാവാപ്തി ഭവിക്കും നിയതം— നിജ്ജര

Digitised By Kerala Sahitya Akademi

തോഷിച്ചു വിപ്രനിതി ലബ്ധസുധേനുസാൎത്ഥൻ
ഘോഷിച്ചു നല്കിയൊരനുഗ്രഹമാസ്സമൎത്ഥൻ
പോഷിച്ചു മോദമൊടു വാങ്ങിയുടൻ കൃതാൎത്ഥൻ
ശേഷിച്ച രാത്രി പുരി പുക്കു നയിച്ചു പാൎത്ഥൻ. 19.

ഭസലസദൃശകേശം ഭാസ്വദഭ്രപ്രകാശം
മുഖവിജിതകലേശം മുക്തിദം ശ്രീരമേശം
ദനുജവനഹുതാശം ദീനരക്ഷാകൃതാശം
നതവിബുധകുലേശം നൌമി പൂൎണ്ണത്രയീശം. 20

ഇതി ഭൂസുരഗോഗ്രഹണം നാമ

നാട്യപ്രബന്ധം സമാപ്തം.

ശുഭം

Digitised By Kerala Sahitya Akademi

# ലക്ഷ്മീഭായി.

1076-ാമാണ്ടു മിഥുനമാസത്തിൽ നാടുനീങ്ങിയ അറരാങ്ങൾ മൂത്തതമ്പുരാൻ തിരുമനസ്സിലെ തിരുനാമധേയസ്മാരകമായി കേരളീയസ്ത്രീകളുടെ പ്രത്യുപകാരത്തിനുവേണ്ടി, 1080 മേടം മുതൽ മലയാളമാസം 20-ാംനു- തോറും പ്രസിദ്ധപ്പെടുത്തുന്ന ഒരു മാസിക.

ഡമ്മി എട്ടു വലിപ്പത്തിൽ നാല്പത്തെട്ടു ഭാഗമുള്ള ഇതിന്റെ വരിസംഖ്യ കൊല്ലത്തിൽ തപാൽകൂലി ഉൾപ്പടെ, രണ്ടുറുപ്പിക മാത്രം. വരിസംഖ്യ മുൻകൂറടച്ചോ ആദ്യം വാങ്ങുന്ന ലക്കം വി. പീയായി അയപ്പാനാവശ്യപ്പെട്ടോ എഴുതി അയച്ചാൽ മതി. അങ്ങിനെയല്ലാത്ത എഴുത്തുകൾ ഗൌനിക്കപ്പെടുന്നതല്ല.

---

## ലക്ഷ്മീഭായീ ഗ്രന്ഥാവലി.

| | | | |
|---|---|---|---|
| ലക്ഷ്മീഭായീശതകം (ഛായാസഹിതം) | 0 | 2 | 6 |
| സത്യവതി (ഒരു പുതിയ മണിപ്രവാളകൃതി) | 0 | 2 | 0 |
| ഇന്ത്യയിലെ മഹതികൾ ... | 0 | 12 | [illegible] |
| അമ്മായിപഞ്ചതന്ത്രം | 0 | 5 | |
| ഐതിഹ്യമാല ഒന്നാംഭാഗം | 1 | 0 | |
| ദിവാന്റെ പുത്രി | 0 | 5 | |
| മഹാരാഷ്ട്രനായകൻ | 0 | 8 | |
| [illegible] ... | 0 | | |
| പറങ്ങോടീപരിണയം | 0 | 5 | |
| ചിരുതേയി | 0 | 6 | [illegible] |
| ആംഗ്ലേയസാമ്രാജ്യം പാട്ട് | 0 | 1 | |
| ബാലോപചാരം | 0 | 4 | |
| വിദ്യാർത്ഥികളുടെ ചുമതലകൾ ... ... | 0 | 4 | |
| പാണ്ഡവോദയം കാവ്യം (കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ) ... | 1 | 3 | |
| മായാകൊല്ലം | 1 | 0 | |
| വിനായകമാഹാത്മ്യം കിളിപ്പാട്ട് ,, | 0 | 12 | |
| പ്രഭുശക്തി (ഒരു ഖണ്ഡകാവ്യം) | 0 | 3 | |
| ഐതിഹ്യമാല 2-ാം ഭാഗം | 1 | [illegible] | |

തപാൽ ചിലവു വേറെ.

വെള്ളാട്ടിൽ നാരായണമേനോൻ,
ലക്ഷ്മീഭായി മാനേജർ,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi